# Passport Seva Divas 2020

June 24, 2020

## പാസ്സ്പോർട്ട് സേവാ ദിവസ് 2020

ജൂൺ 24, 2020

1967 ൽ ജൂൺ 24 ന് നിലവിൽ വന്ന പാസ്പോര്ട്ട് നിയമത്തിന്റെ സമരണയിൽ വിദേശകാര്യമന്ത്രാലയം (MEA) പാസ്സ്പോർട്ട് സേവാ ദിവസ് (PSD) ആഘോഷിച്ചു. ഈ അവസരത്തിലാണ് വിദേശകാര്യമന്ത്രാലയം ഒരുക്കിയ പ്രത്യേക പരിപാടികളുടെ ഭാഗമായി വിദേശകാര്യമന്ത്രി (EAM) ഡോ: എസ് ജയശങ്കറും, വിദേശകാര്യ സഹമന്ത്രി (MOS) ശ്രീ വി മുരളീധരനും വീഡിയോ കോൺഫറൻസിങ്ങിലൂടെ പാസ്പോര്ട്ട് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്തു.

തന്റെ പരമാർശത്തിൽ, നിലവിലുള്ള സർക്കാരിന്റെ ഭരണകാലമായ കഴിഞ്ഞ 6 വർഷങ്ങൾക്കുള്ളിൽ പാസ്പോര്ട്ട് വിതരണം സമ്പ്രദായത്തിൽ പൂർണമായ മാറ്റങ്ങൾ ഉണ്ടായിരുന്നുവെന്ന് വിദേശകാര്യമന്ത്രി നിരീക്ഷിച്ചു.ഇന്ത്യയിലും വിദേശത്തുമായുള്ള പാസ്പോര്ട്ട് കേന്ദ്രങ്ങൾ (PIA) വഴി 1.22 കോടി പാസ്സ്പോർട്ടുകൾ അനുവദിച്ചിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രാജ്യത്തു പ്രവർത്തിക്കുന്ന 517 പാസ്പോര്ട്ട് കേന്ദ്രങ്ങളാണുള്ളത്, ഇതിൽ 93 എണ്ണം പാസ്പോര്ട്ട് സേവാ കേന്ദ്രങ്ങളും (PSK) 424 എണ്ണം പോസ്റ്റ് ഓഫിസ് പാസ്പോര്ട്ട് സേവാ കേന്ദ്രങ്ങളും ആണ്(POPSK). രാജ്യത്തു കൂടുതൽ POPSK തുറന്നുകൊണ്ട് പാസ്പോര്ട്ട് സേവന ലഭ്യത കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വിദേശകാര്യമന്ത്രാലയം ശ്രദ്ധ ചെലുത്തുന്നതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആഗോള തലത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി, പാസ്സ്പോർട്ട് അനുവദിക്കുന്നതിന് MEA , 70 മിഷനുകളുടെ ഭാഗമായി കൂട്ടിച്ചേർത്തിരിക്കുന്നുവെന്നും വിദേശപാസ്പോർട്ടുകളുടെ 95 ശതമാനവും വിദേശത്തുതന്നെ അനുവദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. പാസ്സ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നിയമങ്ങളും നടപടികളും കൂടുതൽ ലളിതമാക്കുന്നതിനുള്ള പരിശ്രമണങ്ങൾ നടന്നു കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം ആവർത്തിച്ചു.ഇതിനു പുറമെ ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.എംപാസ്പോർട്ട് പോലീസ്, എം പാസ്പോർട്ട് സേവാ ആപ് തുടങ്ങിയ സംരംഭങ്ങൾ സംവിധാങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കളുടെ സംതൃപ്തി വർധിപ്പിക്കുന്നതിനും കരമായിരിക്കുന്നു. ഇതേ തുടർന്ന് അടുത്ത പ്രധാന ചുവടുവയ്പായിരിക്കും ഈ പാസ്സ്പോർട്ടുകൾ ഉത്പാദിപ്പിക്കുന്നത്.

തന്റെ പരാമർശത്തിൽ, നമ്മുടെ രാജ്യത്തെ പൗരന്മാർക്കായി,സുതാര്യവും കാര്യക്ഷമവുമായ പാസ്സ്പോർട്ട് വിതരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്ന ഇന്ത്യയിലും വിദേശത്തുമായുള്ള PIA യുടെ പരിശ്രമങ്ങൾ വിദേശകാര്യസഹമന്തി (MoS) ചൂണ്ടി

കാണിച്ചു.CPGRAMS ൽ കാര്യക്ഷമത തെളിയിച്ചിട്ടുള്ള ദ്രുതമായി പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഈ സേവനങ്ങൾ എത്തിക്കുന്നത് കൂടുതൽ മെച്ചപ്പെടുത്തിയെന്നു അദ്ദേഹം നിരീക്ഷിച്ചു.

മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന പാസ്പോർട്ട് ഓഫിസുകൾ, വ്യക്തികൾ എന്നിവർക്കായുള്ള പാസ്പോർട്ട് സേവാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പാസ്സ്പോർട്ട് അനുവദിക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ ഒരു പ്രധാന പങ്കു വഹിക്കുന്നതിനാൽ, പെട്ടന്ന് തന്നെ വെരിഫിക്കേഷൻ സാധ്യമാക്കാൻ പ്രവർത്തിക്കുന്ന പോലീസ് വകുപ്പിനെക്കുറിച്ചും പ്രത്യേക പരാമർശം നടത്തി.

**ന്യൂ ഡൽഹി**
**24 ജൂൺ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**